"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് - സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ 2023 ഏപ്രിൽ, മെയ് മാസങ്ങളിലായി ജില്ലകളിൽ സംഘടിപ്പിച്ചിരുന്ന ഒരാഴ്ച വീതമുള്ള "എന്റെ കേരളം 2023 പ്രദർശന വിപണനമേള" യിൽ പങ്കെടുത്ത ടൂറിസം - സഹകരണം വകുപ്പുകൾക്ക് ചെലവഴിക്കുന്നതിനുള്ള തുകയുടെ പരിധി ഉയർത്തിയും ഇതോടനുബന്ധിച്ചിട്ടുള്ള ചെലവുകൾക്ക് സാധൂകരണം നൽകി ചെലവ് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ബന്ധപ്പെട്ട ഉത്തരവ് ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

---

**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/I&PRD തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:- 1. 09.03.2023 ലെ സ.ഉ(കൈ) നം 02/2023/ഐ&പി.ആർ.ഡി

2. ടൂറിസം വകുപ്പ് ഡയറക്ടറുടെ 25.03.2023 ലെ എം2-5583/2023 നമ്പർ കത്ത്

3. സഹകരണ വകുപ്പ് രജിസ്ട്രാറുടെ 23.01.2024- ലെ RCS/3224/2023-PT(3) നമ്പർ കത്ത്

4. ടൂറിസം വകുപ്പ് ഡയറക്ടറുടെ 26.01.2024- ലെ DOT/9172/2023-M2 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ എന്റെ കേരളം പ്രദർശന വിപണനമേളയുടെ രണ്ടാം എഡിഷൻ "എന്റെ കേരളം - 2023 പ്രദർശനവിപണനമേള " ഏപ്രിൽ ആദ്യവാരം ആരംഭിച്ച് മെയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന നിലയിൽ ഓരോ ജില്ലയിലും ചുരുങ്ങിയത് 7 ദിവസം വീതം സംഘടിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം മേളയിൽ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഓരോ വകുപ്പിനും ഓരോ ജില്ലയിലും അവരവരുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ടൂറിസം വകുപ്പിന് മേളയിൽ പങ്കെടുക്കുന്നതിനായി 1500 ചതുരശ്ര അടി ഏരിയയാണ് അനുവദിച്ചിരുന്നത്. ഈ ഏരിയയിൽ ടൂറിസം വകുപ്പിന്റെ സ്റ്റാൾ സജ്ജമാക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. കൂടാതെ 2023 ലെ മേളയിൽ ടൂറിസം വകുപ്പിനെ പോലെ

കൂടുതൽ വിസ്തൃതിയിൽ അവതരണം നടത്തിയതിനാൽ സഹകരണ വകുപ്പിനും സമാനമായ സ്ഥിതിവിശേഷമാണുള്ളത് .

2) സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ 2023 ഏപ്രിൽ, മെയ് മാസങ്ങളിലായി ജില്ലകളിൽ സംഘടിപ്പിച്ചിരുന്ന ഒരാഴ്ച വീതമുള്ള "എന്റെ കേരളം 2023 പ്രദർശന വിപണനമേള" കഴിഞ്ഞ സാഹചര്യത്തിൽ വിനോദസഞ്ചാര - സഹകരണവകുപ്പുകൾക്ക് ഓരോ ജില്ലയിലും യഥാർത്ഥത്തിൽ ചെലവായ തുക എത്രയാണെന്ന വിവരങ്ങൾ യഥാക്രമം പരാമർശം (3) , (4) പ്രകാരം സഹകരണ വകുപ്പ് രജിസ്ട്രാറും ടൂറിസം വകുപ്പ് ഡയറക്ടറും സമർപ്പിച്ചിട്ടുള്ളത് ക്രോഡീകരിച്ചിട്ടുള്ള പട്ടിക ചുവടെ പറയും പ്രകാരമാണ്.

| എന്റെ കേരളം 2023 പ്രദർശന വിപണന മേള | | | |
|---|---|---|---|
| നം | ജില്ല | ടൂറിസം വകുപ്പിന് ചെലവായ തുക | സഹകരണ വകുപ്പിന് ചെലവായ തുക |
| 1 | എറണാകുളം | 12,00,000 | ------ |
| 2 | പാലക്കാട് | 5,00,000 | ------ |
| 3 | കണ്ണൂർ | 12,00,000 | 8,26,000 |
| 4 | ആലപ്പുഴ | 12,00,000 | ------ |
| 5 | പത്തനംതിട്ട | 12,00,025 | 5,31,000 |
| 6 | വയനാട് | 12,00,000 | ------ |
| 7 | ഇടുക്കി | 12,00,000 | ------ |
| 8 | കാസർഗോഡ് | 12,00,000 | 8,26,000 |
| 9 | മലപ്പുറം | 12,00,000 | 8,26,000 |
| 10 | തൃശ്ശൂർ | 12,00,000 | 5,31,000 |
| 11 | കോഴിക്കോട് | 12,00,000 | 5,31,000 |
| 12 | കോട്ടയം | 12,00,000 | 5,31,000 |
| 13 | കൊല്ലം | 12,00,000 | 5,31,000 |
| 14 | തിരുവനന്തപുരം | 12,00,000 | 10,03,000 |
| | **ആകെ** | **1,61,00,025** | **61,36,000** |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ 2023 ഏപ്രിൽ, മെയ് മാസങ്ങളിലായി ജില്ലകളിൽ സംഘടിപ്പിച്ചിരുന്ന ഒരാഴ്ച വീതമുള്ള "എന്റെ കേരളം 2023 പ്രദർശന വിപണനമേള" യിൽ ടൂറിസം - സഹകരണം വകുപ്പുകൾക്ക് ചെലവ് വന്നിട്ടുള്ള മേൽ പട്ടിക പ്രകാരമുള്ള ചെലവുകൾക്ക് സാധൂകരണം നൽകിയും മേൽ പട്ടിക പ്രകാരമുള്ള ചെലവ്

വിനിയോഗിക്കുന്നതിന് ടൂറിസം ,സഹകരണം വകുപ്പുകൾക്ക് അനുമതി നൽകിയും പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

4) മേൽ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവ് നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

സെക്രട്ടറി , ടൂറിസം വകുപ്പ്
സെക്രട്ടറി ,സഹകരണ വകുപ്പ്
ഡയറക്ടർ,ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം 695033
സഹകരണവകുപ്പ് രജിസ്ട്രാർ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡെപ്യൂട്ടി ഡയറക്ടർ / ഇൻഫർമേഷൻ ഓഫീസർ (എഫ്.പി)
ഐ&പി.ആർ (ബി) വകുപ്പ്
പൊതുഭരണ (എസ്.സി ) വകുപ്പ് ( 06.03.2024 ലെ ഇനം നമ്പർ ................ പ്രകാരം )
അക്കൌണ്ടന്റ് ജനറൽ ആഡിറ്റ്/(എ & ഇ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 07-03-2024 16:05:32
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / പ്രസ് സെക്രട്ടറിക്ക്
ബഹു. ചീഫ് സെക്രട്ടറിയുടെ സി.എ ക്ക്
ഐ&പി.ആർ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-03-2024

ഫയൽ നം. സി2/55/2023/ഐ&പിആർഡി. ഇനം നം: 2100

വിഷയം : ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - "എന്റെ കേരളം-2023 പ്രദർശന വിപണന മേള"യിൽ പങ്കെടുത്ത ടൂറിസം, സഹകരണ വകുപ്പുകൾക്ക് തുക വിനിയോഗിക്കുന്നതിനുള്ള പരിധി ഉയർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ )**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | സി2/55/2023/ഐ&പി ആർ ഡി |
| 2. | വകുപ്പ് | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ് |
| 3. | വിഷയം | "എന്റെ കേരളം -2023 പ്രദർശന വിപണന മേള "യിൽ പങ്കെടുത്ത ടൂറിസം , സഹകരണ വകുപ്പുകൾക്ക് തുക വിനിയോഗിക്കുന്നതിനുള്ള പരിധി ഉയർത്തുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02.10.2023 |
| 5. | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ.ശ്യാം വി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി . മിനി ആന്റണി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.02.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.03.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.03.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05.03.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 06.03.2024 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | സ.ഉ(കൈ)നം.05/2024/ഐ&പി.ആർ.ഡി , തിയതി 07.03.2024 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ 2023 ഏപ്രിൽ, മെയ് മാസങ്ങളിലായി എല്ലാ ജില്ലകളിലും സംഘടിപ്പിച്ച "എന്റെ കേരളം - 2023 പ്രദർശനവിപണനമേള" യിൽ പങ്കെടുത്ത ടൂറിസം , സഹകരണ വകുപ്പുകൾക്ക് ഓരോ ജില്ലയിലും വിനിയോഗിക്കുന്നതിനുള്ള തുകയുടെ പരിധി ഉയർത്തുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2) സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ എന്റെ കേരളം പ്രദർശന വിപണനമേളയുടെ രണ്ടാം എഡിഷൻ "എന്റെ കേരളം - 2023 പ്രദർശനവിപണനമേള " ഏപ്രിൽ ആദ്യവാരം ആരംഭിച്ച് മെയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന നിലയിൽ ഓരോ ജില്ലയിലും ചുരുങ്ങിയത് 7 ദിവസം വീതം സംഘടിപ്പിക്കുന്നതിന് 09.03.2023 തിയതിയിലെ സ.ഉ (കൈ) നം. 02/2023/ഐ&പി.ആർ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം മേളയിൽ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഓരോ വകുപ്പിനും ഓരോ ജില്ലയിലും അവരവരുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ടൂറിസം വകുപ്പിന് മേളയിൽ പങ്കെടുക്കുന്നതിനായി 1500 ചതുരശ്ര അടി ഏരിയയാണ് അനുവദിച്ചിരുന്നത്. ഈ ഏരിയയിൽ ടൂറിസം വകുപ്പിന്റെ സ്റ്റാൾ സജ്ജമാക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ് എന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു. കൂടാതെ 2023 ലെ മേളയിൽ ടൂറിസം വകുപ്പിനെ പോലെ കൂടുതൽ വിസ്തൃതിയിൽ അവതരണം നടത്തിയതിനാൽ സഹകരണ വകുപ്പിനും സമാനമായ സ്ഥിതിവിശേഷമാണുള്ളത് .

3) മേൽ സാഹചര്യത്തിൽ 09.03.2023 ലെ സ.ഉ(കൈ) നം 02/2023/ഐ&പി.ആർ ഉത്തരവ് ഭേദഗതി ചെയ്ത് ടൂറിസം, സഹകരണ വകുപ്പുകൾക്ക് മേളയോടനുബന്ധിച്ച് ഓരോ ജില്ലയിലും 20 ലക്ഷം രൂപ വീതം വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനായി പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിനുള്ള അനുമതിക്കായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് ഇക്കാര്യത്തിൽ " ടൂറിസം, സഹകരണ വകുപ്പ് മന്ത്രിമാർ പരിശോധിച്ച് ആവശ്യമെങ്കിൽ പരിധി ഉയർത്തി ഉത്തരവാകുക. അടുത്ത മന്ത്രിസഭയുടെ സാധൂകരണത്തിനു സമർപ്പിക്കുക " എന്ന് ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

4) തുടർന്ന് അഭിപ്രായത്തിനായി ഫയൽ ടൂറിസം വകുപ്പിന് നൽകിയപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*" ടൂറിസം വകുപ്പിന് ജില്ലകളിൽ അനുവദിക്കാവുന്ന പരമാവധി തുക, പതിനഞ്ച് ലക്ഷം രൂപയാക്കി, ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു."*

5) തുടർന്ന് അഭിപ്രായത്തിനായി ഫയൽ സഹകരണവകുപ്പിന് നൽകിയപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"എക്സ്പോ, സർക്കാർ / വകുപ്പുതല പരിപാടികൾ എന്ന ഘടകത്തിനായി Assistance to Co-Operative propaganda 2425-001-90-34-3 എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 20.00 ലക്ഷം രൂപ എന്റെ കേരളം എക്സിബിഷൻ പദ്ധതിയ്ക്കായി അനുവദിക്കുന്നതിനായി സ.ഉ (സാധാ) നം. 261/2023/സഹ തീയതി 05/05/2023 പ്രകാരം ഭരണാനുമതിയും , സ.ഉ (സാധാ) നം. 266/2023/സഹ തീയതി 06/05/2023 പ്രകാരം തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ".*

6) ടൂറിസം , സഹകരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 09.03.2023 ലെ സ.ഉ.(കൈ) നം. 02/2023/ഐ&പി.ആർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ എന്നതിൽ ഉത്തരവുകൾക്കായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായി. ഇക്കാര്യത്തിൽ തുടർന്ന് പരിധി ഉയർത്തുന്നതിലൂടെ വിനോദസഞ്ചാര വകുപ്പിന് 1.4 കോടി രൂപയും സഹകരണവകുപ്പിന് 2.1 കോടി രൂപയും അധികമായി ആവശ്യമാണെന്നും എന്റെ കേരളം പ്രദർശന വിപണന മേള 2023 ഏപ്രിൽ , മെയ് മാസത്തിൽ കഴിഞ്ഞ സാഹചര്യത്തിൽ വിനോദസഞ്ചാര - സഹകരണവകുപ്പുകൾക്ക് ഓരോ ജില്ലയിലും യഥാർത്ഥത്തിൽ ചെലവായ തുക എത്രയാണെന്നും ബഹ .മുഖ്യമന്ത്രിയുടെ ഉത്തരവനുസരിച്ച് സഹകരണ വകുപ്പ് മന്ത്രി തുക ഉയർത്താൻ അംഗീകാരം നൽകിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തി മന്ത്രിസഭായോഗത്തിന്റെ പരിഗണനക്കുള്ള കരട് കുറിപ്പുകൾ ഭേദഗതി വരുത്തി നൽകേണ്ടതാണെന്നും ബഹു.ചീഫ് സെക്രട്ടറി ഉത്തരവ് നൽകി.

7) മേൽ സാഹചര്യത്തിൽ ടൂറിസം ഡയറക്ടർ, സഹകരണവകുപ്പ് രജിസ്ട്രാർ എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കു കയും ബഹ .സഹകരണവകുപ്പ് മന്ത്രി തുക ഉയർത്താൻ അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് സഹകരണ വകുപ്പിനോടാരായുകയും ചെയ്തു. ടൂറിസം ഡയറക്ടർ, സഹകരണവകുപ്പ് രജിസ്ട്രാർ എന്നിവർ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ എന്റെ കേരളം പ്രദർശന വിപണന മേള ഏപ്രിൽ , മെയ് മാസത്തിൽ കഴിഞ്ഞ സാഹചര്യത്തിൽ വിനോദസഞ്ചാര - സഹകരണവകുപ്പുകൾക്ക് ഓരോ ജില്ലയിലും യഥാർത്ഥത്തിൽ ചെലവായ തുക വിവരങ്ങൾ അറിയിച്ചിട്ടുള്ളത് ക്രോഡീകരിച്ചിട്ടുള്ള പട്ടിക ചുവടെ പറയും പ്രകാരമാണ്.

| എന്റെ കേരളം 2023 പ്രദർശന വിപണന മേള | | | |
|---|---|---|---|
| നം | ജില്ല | ടൂറിസം വകുപ്പിന് ചെലവായ തുക | സഹകരണ വകുപ്പിന് ചെലവായ തുക |
| 1 | എറണാകുളം | 12,00,000 | ------ |
| 2 | പാലക്കാട് | 5,00,000 | ------ |

| | | | |
|---|---|---|---|
| 3 | കണ്ണൂർ | 12,00,000 | 8,26,000 |
| 4 | ആലപ്പുഴ | 12,00,000 | ------ |
| 5 | പത്തനംതിട്ട | 12,00,025 | 5,31,000 |
| 6 | വയനാട് | 12,00,000 | ------ |
| 7 | ഇടുക്കി | 12,00,000 | ------ |
| 8 | കാസർഗോഡ് | 12,00,000 | 8,26,000 |
| 9 | മലപ്പുറം | 12,00,000 | 8,26,000 |
| 10 | തൃശ്ശൂർ | 12,00,000 | 5,31,000 |
| 11 | കോഴിക്കോട് | 12,00,000 | 5,31,000 |
| 12 | കോട്ടയം | 12,00,000 | 5,31,000 |
| 13 | കൊല്ലം | 12,00,000 | 5,31,000 |
| 14 | തിരുവനന്തപുരം | 12,00,000 | 10,03,000 |
| | ആകെ | **1,61,00,025** | **61,36,000** |

8) ഇക്കാര്യത്തിൽ ബഹു.സഹകരണവകുപ്പ് മന്ത്രിക്ക് ബന്ധപ്പെട്ട ഫയൽ ചംക്രമണം ചെയ്തിട്ടില്ലായെന്നും സഹകരണ വകുപ്പ് സെക്രട്ടറി തലം വരെയാണ് സമർപ്പിച്ചിട്ടുള്ളതെന്നുമുള്ള വിവരമാണ് സഹകരണവകുപ്പ് അറിയിച്ചിട്ടുള്ളത്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ 2023 ഏപ്രിൽ, മെയ് മാസങ്ങളിലായി ജില്ലകളിൽ സംഘടിപ്പിച്ചിരുന്ന ഒരാഴ്ച വീതമുള്ള "എന്റെ കേരളം 2023 പ്രദർശന വിപണനമേള" യിൽ ടൂറിസം - സഹകരണം വകുപ്പുകൾക്ക് ചെലവ് വന്നിട്ടുള്ള മേൽ പട്ടിക പ്രകാരമുള്ള ചെലവുകൾക്ക് സാധൂകരണം നൽകി ചെലവ് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിന് 09.03.2023 ലെ സ.ഉ(കൈ) നം 02/2023/ഐ&പി.ആർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ ?

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും "എന്റെ കേരളം -2023 പ്രദർശനവിപണനമേള" സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതോടനുബന്ധിച്ചിട്ടുള്ള നിർദേശങ്ങൾ പുറപ്പെടുവിച്ചും മേളയിൽ പങ്കെടുക്കുന്ന സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ചെലവഴിക്കുന്നതിനുള്ള തുക നിശ്ചയിച്ചും ഉത്തരവാകുന്നു.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

സ.ഉ.(കൈ) നം.2/2023/I&PRD തീയതി,തിരുവനന്തപുരം, 09-03-2023

<u>ഉത്തരവ്</u>

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ എന്റെ കേരളം പ്രദർശനവിപണനമേളയുടെ രണ്ടാം എഡിഷൻ " എന്റെ കേരളം - 2023 പ്രദർ ശനവിപണനമേള " സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഏപ്രിൽ ആദ്യവാരം ആരംഭിച്ച് മെയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന നിലയിൽ എല്ലാ ജില്ലകളിലും വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ " എന്റെ കേരളം - 2023 പ്രദർശനവിപണനമേള " സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഓരോ ജില്ലയിലും ചുരുങ്ങിയത് 7 ദിവസം വീതമാണ് മേള സംഘടിപ്പിക്കേണ്ടത്. ഇതിനായുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാരിന്റെ നേട്ടങ്ങളും സംസ്ഥാനം രാജ്യത്തെ മികച്ച നിലവാരത്തിലെത്തിയതിന്റെ ചരിത്രവും, നേടിയ അംഗീകാരങ്ങളും ഉൾപ്പെടുത്തിയും വിവിധ വകുപ്പുകളുടെ പ്രവർത്തനം പൊതു ജനങ്ങൾക്ക് എപ്രകാരം ഉപയുക്തമാകുന്നു എന്ന് ചിത്രീകരിച്ചും ഉള്ള പ്രദർശനമാണ് ഉദ്ദേശിക്കുന്നത്. ജനങ്ങളെ ആകർഷിക്കാൻ വിനോദ-വാണിജ്യ പരിപാടികളും പ്രദർശനത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. സർക്കാരിന്റെ നേട്ടങ്ങളും ഇതിൽ പ്രധാന പങ്ക് വഹിക്കുന്ന വകുപ്പുകളുടെ ആക്ടിവിറ്റീസും ഉൾപ്പെടുത്തണം. കേരളം ഒന്നാമതായി നിൽക്കുന്ന സർക്കാരിന്റേതായ നേട്ടങ്ങൾക്ക് പ്രധാന പരിഗണന നല്കണം.

**ജില്ലകളിൽ പ്രദർശന വിപണനമേള**

1. 14 ജില്ലകളിലും പ്രദർശന വിപണനമേള സംഘടിപ്പിക്കും
2. 2023 ഏപ്രിൽ 1 മുതൽ മെയ് 30 ന് വരെ മേളകൾ സംഘടിപ്പിക്കും

മേളയുടെ നടത്തിപ്പിനായി ചുവടെ പറയും പ്രകാരമുള്ള കമ്മിറ്റികൾ രൂപീകരിച്ചും

ഉത്തരവാകുന്നു.

എ) സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി

ചുമതല: പരിപാടിയുടെ ആശയങ്ങൾക്കുള്ള അംഗീകാരവും സംസ്ഥാനതല സംഘാടന മേൽനോട്ടവും

പ്രദർശനത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളും ആശയങ്ങളും രൂപപ്പെടുത്തുക ഈ കമ്മിറ്റിയുടെ ഉത്തരവാദിത്തമായിരിക്കും.

ഐ & പിആർ ഡി ഡയറക്ടർ (കൺവീനർ), ഐ&പി.ആർ വകുപ്പ് സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി, ധനവകുപ്പ് (വ്യയം) സെക്രട്ടറി, പ്ലാനിങ് സെക്രട്ടറി, പ്രദർശനത്തിൽ പങ്കെടുക്കുന്ന വകുപ്പുകളുടെ മേധാവികൾ, കെ എസ് ഐ ഡി സി എം ഡി, കൺവീനർ നിർദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും .

ബി) മേളയുടെ ജില്ലാതല സംഘാടക സമിതി

അതാത് ജില്ലയുടെ ചുമതലയുള്ള മന്ത്രി/ മന്ത്രിമാർ എന്നിവർ രക്ഷാധികാരികളായും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൺവീനറുമായി സംഘാടകസമിതി രൂപീകരിക്കേണ്ടതാണ്.

മറ്റ് പ്രധാന നിർദേശങ്ങൾ

1. മേളയ്ക്കുള്ള ഇൻഫ്രാസ്ട്രക്ചർ ഒരുക്കുന്നതിന്റെ ചുമതലയും ചെലവും കിഫ്ബി വഹിക്കേണ്ടതാണ്. വിവരപൊതുജനസമ്പർക്ക വകുപ്പിന്റെ (PRD) സ്റ്റാളുകളുടെ ചെലവ് PRD തന്നെ നേരിട്ട് വഹിക്കണം.

2. പബ്ലിസിറ്റി, കലാപരിപാടികൾ , മറ്റ് പൊതുചെലവുകൾ എന്നിവ പി ആർ ഡിയുടെ "2220-01-001-96 സ്പെഷ്യൽ പി ആർ ക്യാംപെയിൻ" പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഓരോ ജില്ലക്കും പരമാവധി 3 5 ലക്ഷം രൂപ വീതം അനുവദിക്കാവുന്നതാണ്.

3. വിവിധ സർക്കാർ വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ പങ്കാളിത്തം മേളയിൽ ഉറപ്പാക്കുന്നതിനായി ഓരോ വകുപ്പിനും അവരവരുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മേളയിൽ പങ്കെടുക്കുന്നതിനും അനുബന്ധചെലവുകൾക്കുമായി ഓരോ ജില്ലയിലും പരമാവധി അഞ്ച് ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇതിനായി പരിധി നിശ്ചയിച്ചിട്ടില്ല മേളയിൽ പങ്കെടുക്കുന്ന സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും മേളയുടെ ഫലപ്രാപ്തി ഉറപ്പ് വരുത്തേണ്ടതാണ്.

4. മേളക്കായി സംസ്ഥാനതലത്തിൽ ഒരു തീം നിശ്ചയിക്കണം.

5. മേളയോടനുബന്ധിച്ച് FM radio, സോഷ്യൽ മീഡിയ, ചാനലുകൾ എന്നിവയുടെ ചെലവുകൾ കിഫ്ബി വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ (വ്യയം) വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
ഡയറക്ടർ, ഐ & പി.ആർ.ഡി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, ഫെലിസിറ്റി സ്ക്വയർ, മഹാത്മാഗാന്ധി റോഡ്. തിരുവനന്തപുരം 695001
മാനേജിംഗ് ഡയറക്ടർ, കെ എസ് ഐ ഡി സി , കെസ്റ്റൺ റോഡ് , കവടിയാർ . തിരുവനന്തപുരം
ബന്ധപ്പെട്ട മറ്റ് സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പൊതുഭരണ (എസ് .സി ) വകുപ്പ് ( 08.03.2023 ലെ ഇനം നമ്പർ ............... പ്രകാരം )
ഐ&പി.ആർ വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇൻഫർമേഷൻ ഓഫീസർമാർക്കും
ഐ & പി.ആർ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും ( ഇ ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
ഡെപ്യൂട്ടി ഡയറക്ടർ (എഫ് പി )/ഇൻഫർമേഷൻ ഓഫീസർ (എഫ് പി )
അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്/(എ & ഇ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vipin Kumar S
സെക്ഷൻ ഓഫീസർ
Date: 09-03-2023 17:21:25

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / പ്രസ് സെക്രട്ടറിക്ക്
ഐ & പി.ആർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക്